പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2588 **28-10-2026-ൽ മറുപടിയ്ക്ക്**

ടൈബൽ സ്കൂളുകളുടെ വിവരങ്ങൾ

ചോദ്യം ഉന്നയിച്ച അംഗങ്ങൾ **മറുപടി നൽകിയ മന്ത്രി**

ശ്രീ. സി. കെ. ഹരീന്ദ്രൻ ശ്രീമതി കെ. എ. തുളസി
(പട്ടികജാതി, പട്ടികവർഗ്ഗ - പിന്നോക്ക ക്ഷേമ വകുപ്പ് മന്ത്രി)

(എ) തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട ജില്ലകളിൽ പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കീഴിൽ നിലവിൽ പ്രവർത്തിച്ചുവരുന്ന ടൈബൽ സ്കൂളുകൾ എത്രയാണെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ; പ്രസ്തുത ജില്ലകളിലെ ഓരോ ടൈബൽ സ്കൂളിന്റെയും പേര്, സ്ഥലം, നിലവിലുള്ള വിദ്യാർത്ഥികളുടെ എണ്ണം, അനുവദിച്ചിട്ടുള്ള അധ്യാപക തസ്തികകളുടെ എണ്ണം, നിലവിൽ സേവനത്തിലുള്ള അധ്യാപകരുടെ എണ്ണം, ഒഴിഞ്ഞുകിടക്കുന്ന അധ്യാപക തസ്തികകളുടെ എണ്ണം എന്നിവ സ്കൂൾ അടിസ്ഥാനത്തിൽ ലഭ്യമാക്കാമോ;

മറുപടി: തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട ജില്ലകളിൽ പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കീഴിൽ നിലവിൽ ആകെ 5 മോഡൽ റസിഡൻഷ്യൽ സ്കൂളുകളാണ് പ്രവർത്തിച്ചുവരുന്നത്. വിവരങ്ങൾ ചുവടെ ചേർക്കുന്നു.

തിരുവനന്തപുരം ജില്ലയിൽ 3 സ്കൂളുകളാണ് നിലവിലുള്ളത്.

1. ഡോ. അംബേദ്കർ വിദ്യാനികേതൻ സി.ബി.എസ്.ഇ സ്കൂൾ, ഞാറനീലി.

നിലവിലുള്ള വിദ്യാർത്ഥികളുടെ എണ്ണം - 351

അദ്ധ്യാപക തസ്തികകളുടെ എണ്ണം - 26

നിലവിൽ സേവനത്തിലുള്ള അധ്യാപകരുടെ എണ്ണം - 25

ഒഴിഞ്ഞുകിടക്കുന്ന അധ്യാപക തസ്തികകളുടെ എണ്ണം-1 (കരാർ മുഖാന്തിരം നിയമിച്ചിട്ടുണ്ട്)

2. ഡോ.അംബേദ്കർ മെമ്മോറിയൽ മോഡൽ റസിഡൻഷ്യൽ സ്കൂൾ, കട്ടേല

വിദ്യാർത്ഥികളുടെ എണ്ണം - 392

അദ്ധ്യാപക തസ്തികകളുടെ എണ്ണം - HSA-13, HSST-12

നിലവിൽ സേവനത്തിലുള്ള അദ്ധ്യാപകരുടെ എണ്ണം HSA-12, HSST-10

ഒഴിഞ്ഞുകിടക്കുന്ന അധ്യാപക തസ്തികകളുടെ എണ്ണം - HSA-1, HSST -2 (കരാർ മുഖാന്തിരം നിയമിച്ചിട്ടുണ്ട്)

3. ജി കാർത്തികേയൻ മെമ്മോറിയൽ മോഡൽ റസിഡൻഷ്യൽ സ്കൂൾ, കുറ്റിച്ചൽ.

നിലവിലുള്ള വിദ്യാർത്ഥികളുടെ എണ്ണം - 78

അധ്യാപകരുടെ സ്ഥിരം തസ്തിക അനുവദിക്കപ്പെട്ടിട്ടില്ല.

പത്തനംതിട്ട ജില്ലയിൽ പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന സ്കൂൾ - **മോഡൽ റസിഡൻഷ്യൽ സ്കൂൾ, വടശ്ശേരിക്കര.**

നിലവിലുള്ള വിദ്യാർത്ഥികളുടെ എണ്ണം - 191

അനുവദിച്ചിട്ടുള്ള അധ്യാപക തസ്തികകളുടെ എണ്ണം - 19

നിലവിൽ സേവനത്തിലുള്ള അധ്യാപകരുടെ എണ്ണം - 18

ഒഴിഞ്ഞുകിടക്കുന്ന അധ്യാപക തസ്തികകളുടെ എണ്ണം - 1

കൊല്ലം ജില്ലയിൽ പ്രവർത്തിക്കുന്ന മോഡൽ റസിഡൻഷ്യൽ സ്കൂളിന്റെ പേര് - **ഗവ. മോഡൽ റസിഡൻഷ്യൽ സ്കൂൾ, കുളത്തുപ്പുഴ.**

വിദ്യാർത്ഥികളുടെ എണ്ണം - 234

അദ്ധ്യാപക തസ്തികകളുടെ എണ്ണം - HSA-12

നിലവിൽ സേവനത്തിലുള്ള അദ്ധ്യാപകരുടെ എണ്ണം HSA-12.

HSST സ്ഥിരം തസ്തിക നിലവിലില്ല. 11 അധ്യാപകരെ കരാർ മുഖാന്തിരം നിയമിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത മൂന്ന് ജില്ലകളിലുമായി നിലവിൽ എത്ര ടൈബൽ സ്കൂളുകളിലാണ് ഹെഡ്മാസ്റ്റർ തസ്തിക ഒഴിഞ്ഞുകിടക്കുന്നതെന്ന് സ്കൂൾ തിരിച്ച് വ്യക്തമാക്കാമോ; ഹെഡ്മാസ്റ്റർ തസ്തികകൾ ഒഴിഞ്ഞുകിടക്കുന്നത് പ്രസ്തുത സ്കൂളുകളുടെ ദൈനംദിന അക്കാദമിക്, ഭരണപരമായ പ്രവർത്തനങ്ങളെ ബാധിച്ചിട്ടുണ്ടോ;

<u>മറുപടി:</u> പ്രസ്തുത മൂന്ന് ജില്ലകളിലെ മോഡൽ റസിഡൻഷ്യൽ സ്കൂളുകളിലും നിലവിൽ ഹെഡ് മാസ്റ്റർ തസ്തികകളിൽ ഒഴിവില്ല.

(സി) ഒഴിഞ്ഞുകിടക്കുന്ന ഹെഡ്മാസ്റ്റർ തസ്തികകളിലേക്കും മറ്റ് അധ്യാപക തസ്തികകളിലേക്കും നിയമനം നടത്തുന്നതിനായി നിലവിൽ സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമാണ്; നിയമനം പൂർത്തിയാക്കുന്നതിന് സമയപരിധി നിശ്ചയിച്ചിട്ടുണ്ടോ;

<u>മറുപടി:</u> തസ്തികകളിൽ അധ്യാപക ഒഴിവുണ്ടാകുന്ന മുറയ്ക്ക് പൊതു വിദ്യാഭ്യാസ വകുപ്പ് മുഖേന അദ്ധ്യാപകരുടെ സേവനം ഉറപ്പുവരുത്താറുള്ളതും, ആയതിന് കാല താമസം ഉണ്ടാകുന്ന പക്ഷം നിർദ്ദിഷ്ട യോഗ്യതകളുള്ള അധ്യാപകരെ കരാർ അടിസ്ഥാനത്തിലോ ദിവസ വേതന അടിസ്ഥാനത്തിലോ നിയമിച്ച് അധ്യയനം തടസ്സപ്പെടാത്ത തരത്തിൽ സേവനം ഉറപ്പുവരുത്തുകയും ചെയ്യുന്നു.

(ഡി) അധ്യാപക തസ്തികകളിലെ ഒഴിവുകൾ അടിയന്തരമായി നികത്തി ടൈബൽ മേഖലകളിലെ വിദ്യാർത്ഥികൾക്ക് ഗുണമേന്മയുള്ള വിദ്യാഭ്യാസം ഉറപ്പാക്കുന്നതിനും സ്കൂളുകളുടെ അക്കാദമികവും ഭരണപരവുമായ പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടത്തുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കുമോ?

മറുപടി: അധ്യാപക തസ്തികകളിലെ ഒഴിവുകൾ അടിയന്തരമായി നികത്തുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

സെക്ഷൻ ഓഫീസർ